بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 02/10/2015

**(18 DHUL HIJJAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## HOW TO BECOME THE FRIENDS OF ALLAH/ നമുക്ക് എങ്ങനെ അല്ലാഹുവിന്റെ സ്നേഹിതരായി തീരാം.

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം പറഞ്ഞു.

هَٰذَا بَصَائِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ يُوقِنُونَ ۝ أَمْ حَسِبَ الَّذِينَ اجْتَرَحُوا السَّيِّئَاتِ أَن نَّجْعَلَهُمْ كَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَوَاءً مَّحْيَاهُمْ وَمَمَاتُهُمْ سَاءَ مَا يَحْكُمُونَ ۝ وَخَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ۝

**ഇത് (ഈ ഗ്രന്ഥം) മനുഷ്യകുലത്തിന് സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതും ദൃഢ വിശ്വാസത്തെ കൈക്കൊള്ളുന്ന ജനങ്ങൾക്ക് ഒരു മാർഗ്ഗദർശകവും അനുഗ്രഹവുമാകുന്നു. എന്ത്? ദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചവരെ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ പോലെ – അവരുടെ ജീവിതവും മരണവും തുല്യമായ നിലയിൽ നാം ആക്കുമെന്ന് അവർ ധരിച്ചു വച്ചിട്ടുണ്ടോ? അവർ വിധിക്കുന്നത് വളരെ ചീത്തയായതു തന്നെ. അല്ലാഹു ആകാശങ്ങളെയും ഭൂമിയേയും ന്യായ യുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. തൽഫലമായി ഓരോ ആൾക്കും അയാൾ സമ്പാദിച്ചതനുസരിച്ച് പ്രതിഫലം നൽകപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല.(45:21 – 23)**

ദുൽഖഅ്ദ് മാസം (അതായത് ആഗസ്റ്റ് 28, സെപ്റ്റംബർ 4, 11 ദിവസങ്ങളിൽ) നടത്തിയ ജും ആ ഖുത്തുബകളുടെ വിശദീകരണം തുടരുവാൻ, അല്ലാഹു (ത) വീണ്ടും എനിക്ക് അവസരം നൽകിയിരിക്കുന്നു. അൽഹംദുലില്ലാഹ്!

ഇത് വളരെ വിശാലമായ ഒരു വിഷയമാണ്. അതുപോലെ പ്രധാനപ്പെട്ടതും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ലോകമെമ്പാടുമുള്ള ഓരോ മുസ്ലീമും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എന്റെ പ്രിയ ശിഷ്യരും, അവരെ മനസ്സിലാക്കിക്കുവാൻ ശ്രമിക്കുന്നത് അവർ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് അവർ, അവരുടെ തന്നെ താൽപ്പര്യ പ്രകാരം, തങ്ങളുടെ സൃഷ്ടാവുമായുള്ള അവരുടെ തന്നെ നന്മയ്ക്കുവേണ്ടിയുള്ളതാണ് എന്ന് മനസ്സിലാക്കണം. കഴിഞ്ഞ മൂന്ന് ഖുത്തുബകളിലൂടെയും (ആഗസ്റ്റ് 28, സെപ്റ്റംബർ 4, 11) ഈ ഖുത്തുബയിലൂടെയും ഞാൻ പ്രതിപാദിക്കുന്നത് ഒരേ വിഷയമാണ്. ഇത് നിങ്ങളുടെ തന്നെ നന്മയ്ക്കുവേണ്ടിയുള്ളതാണ്. ഓരോരുത്തരും സ്വയം സംസ്ക്കരിക്കുവാൻ തയ്യാറായെങ്കിൽ! തന്റെ രക്ഷിതാവുമായി കണ്ടുമുട്ടുന്ന ദിനം അവനൊന്നും ഭയപ്പെടേണ്ടി വരില്ലായിരുന്നു. ആയതിനാൽ ഓരോരുത്തരും ഞാൻ പറയുന്നത് മനസ്സിലാക്കുവാൻ ശ്രമിക്കുക! എങ്കിൽ അവർ എല്ലാ ചർച്ചകളിൽ നിന്നും തർക്കങ്ങളിൽ നിന്നും ദൂരപ്പെടുന്നതാണ്. അവരുടെ വികാര വിക്ഷോഭങ്ങൾ, അവരുടെ ശത്രുത, അവരുടെ പ്രതികാര വാഞ്ഛ, അവരുടെ തന്നെ മതത്തിലുള്ള അവരുടെ സഹോദരന്മാരുടെ നേരെയുള്ള ഈ ഒടുങ്ങാത്ത വിരോധം, തർക്കങ്ങൾ, യുദ്ധങ്ങൾ എല്ലാം അവസാനിക്കുമായിരുന്നു.

ജനങ്ങളിൽ ഭൂരിഭാഗവും (അവർ പരസ്പരം) യുദ്ധത്തിൽ വ്യാപൃതരാണ്. അവരുടെ കോപം ശമിപ്പിക്കുവാൻ വികാരം നിയന്ത്രിക്കുവാൻ കഴിയാത്തതിന്റെ കാരണം അവർക്ക് അല്ലാഹുവിന്റെ മിത്രങ്ങളാകാൻ കഴിയാത്തതുകൊണ്ടാണ്. ആയതിനാൽ ഒരു വേർതിരിവുമില്ലാതെ, നിങ്ങൾ എല്ലാവരോടും ഞാനൊരു അർത്ഥന നടത്തുകയാണ്. നിങ്ങൾ കീഴടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു, നിങ്ങളുടെ എല്ലാവിധ വ്യർത്ഥമായ ഭിന്നതകളും വാദമുഖങ്ങളും അവസാനിപ്പിക്കുക, അപ്രധാനമായ എല്ലാ കാര്യങ്ങളും ഉപേക്ഷിച്ച്, മഹത്തായ, അസാധാരണമായ ദീനി ജോലികളിൽ വ്യാപൃതാരാകേണ്ട സമയമാണിത്! ആയതിനാൽ ഞാനിത് പറയുന്നതിൽ ഒരിക്കലും ക്ഷീണിക്കുകയില്ല. എപ്പോഴും നിങ്ങൾ ഈ പാത പിന്തുടരേണ്ടതാണ്. കാരണം ഇതില്ലാതെ, നമുക്ക് അല്ലാഹുവിന്റെ നിഴലിൻ കീഴിൽ വരുവാൻ സാധ്യമല്ല, സമാധാനപൂർവ്വം അല്ലാഹുവിന്റെ അഭയത്തിലാകുവാനും സാധിക്കുകയില്ല.

ലക്ഷ്യം എന്നത് അല്ലാഹുവിൻ കീഴിൽ സമാധാനപൂർവ്വം എത്തുക എന്നതുമാത്രമല്ല. ഒരു യഥാർത്ഥ മനുഷ്യൻ യുദ്ധ രംഗത്ത് വരാൻ വിമുഖതകാട്ടുന്നവനല്ല. (കൃത്യമായി പറഞ്ഞാൽ, ദൈവമാർഗ്ഗത്തിൽ അവനെ സഹായിക്കുവാൻ ആരുമില്ലാത്ത സന്ദർഭത്തിലാണെങ്കിൽ പോലും!) എന്നാൽ അവൻ അതൊന്നും കണക്കിലെടുക്കാതെ കുതിച്ചു ചാടുന്നു. എന്നിട്ട് അവൻ മുന്നിൽ വരുന്നു. എന്നിട്ട് അവൻ തനിക്കുള്ളതെല്ലാം സമർപ്പിക്കുന്നു, സമർപ്പിക്കേണ്ടതെല്ലാം സമർപ്പിക്കുന്നു. അതിന്റെ പിന്നിൽ എന്ത് സംഭവിക്കും എന്ന് അവൻ വ്യാകുലപ്പെടുന്നില്ല. (അവൻ മുന്നോട്ടുമാത്രമാണ് നോക്കുന്നത് പിന്നോട്ടല്ല) മതത്തിന് സേവനം ചെയ്യുവാനുളള അവന്റെ ഇച്ഛ, അവന്റെ സ്നേഹം, അവന്റെ ആഗ്രഹം ഇവ ഹൃദയത്തിൽ വളരെ ശക്തിമത്താണ്. അതുകൊണ്ടാണ് ദീനി സേവനത്തിനായി അവൻ സ്വയം മുന്നോട്ടു വരുന്നതും അവനെ തന്നെ സമർപ്പിക്കുന്നതും, അവനുള്ളതെല്ലാം സമർപ്പിക്കുന്നത്. നിങ്ങളുടെ ഹൃദയങ്ങളിൽ ഇത്തരം ഇച്ഛകൾ നിങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ, ഇത്തരം ആളുകളാണ് അല്ലാഹുവിന്റെ തണലിൽ അഭയാർത്ഥികളായി തീരുന്നത്. എന്നാൽ ഇതുവരെയും അത്തരം ഒരു ഹൃദയ വിചാരം നിങ്ങളുടെ ഉള്ളിൽ വളർന്നിട്ടില്ല. അത്തരം വികാരം ഒരു തീപ്പെട്ടികൊള്ളി പോലെയാണ്, അത് ഏത് സമയവും (ഭക്തിയുടെ) ജ്വാല സൃഷ്ടിക്കുവാൻ കഴിവുള്ളതാണ്. ഇത്തരം ആശയത്തിൽ നിങ്ങൾ ഇതുവരെയും എത്തിച്ചേർന്നിട്ടില്ലെങ്കിൽ, ഈ വാക്കുകൾ വെറും വാക്കുകൾ മാത്രമാണ്, അത് നിങ്ങൾക്ക് മനസ്സിലാകുന്നതുമാണ്. എന്നാൽ അതിൽ നിന്നും പ്രയോജനം ആർജ്ജിക്കുവാൻ നിങ്ങൾക്കറിയില്ല എന്ന് സാരം ! ആയതിനാൽ സമയം അതിക്രമിച്ചിരിക്കുകയാണ്, നിങ്ങൾ ഈ കാര്യങ്ങൾ ആഴത്തിൽ ചിന്തിക്കണം. എന്നിട്ട് ഓരോരുത്തരും എവിടെ നിൽക്കുന്നു എന്ന് അപഗ്രഥിക്കുക. തന്റെ ഒരു ഭാഗവും അന്ധകാരത്തിലല്ല എന്ന് തിരിച്ചറിയുകയും ചെയ്യണം.

കോപത്തിനടിമപ്പെട്ടവർ, കോപവും വികാരവും അവരെ കീഴ്പ്പെടുത്തിയിരിക്കുന്നുവെങ്കിൽ, ബൗദ്ധികതയുടെയും അറിവിന്റെയും വാക്കുകൾ അധരങ്ങളിൽ നിന്ന് വരുക എന്നത് അസാധ്യം തന്നെ! അനേകർ എനിക്കെഴുതുന്നു മറ്റനേകർ ഇ-മെയിൽ അയക്കുന്നു. അതിലവർ അവർക്ക് വേണ്ടി ദു ആ ചെയ്യുവാൻ ആവശ്യപ്പെടുന്നു. എന്നാൽ ദു ആയ്ക്ക് വേണ്ടി ഞാൻ തയ്യാറെടുത്തുകഴിഞ്ഞാൽ, എന്റെ വായിൽ നിന്നും അവർക്കനുകൂലമായി ഒന്നും വരുന്നില്ല. ഞാൻ ഇതിൽ നിന്നും പെട്ടെന്ന് മനസ്സിലാക്കുന്ന കാര്യം, ഇത്തരം ആളുകൾ അല്ലാഹു ആഗ്രഹിക്കുന്ന പാത തെരഞ്ഞെടുത്തിട്ടില്ലാത്തവരാണ്, എന്നാണ്. ആയതിനാൽ അവരുടെ ലക്ഷ്യം വ്യത്യസ്തമാണ്, നാം തെരഞ്ഞെടുത്തതല്ല! നിങ്ങളുടെ ആഗ്രഹങ്ങളും, ഇച്ഛകളും, കോപവും നിങ്ങളെ അതിജയിച്ചിരിക്കുന്നുവെങ്കിൽ, നിങ്ങളുടെ വായിൽ നിന്നും ബുദ്ധിപരവും, ജ്ഞാനപരവുമായ വാക്കുകൾ വരില്ല. നിങ്ങൾക്കനുകൂലമായി പ്രാർത്ഥിക്കുവാൻ അല്ലാഹുവിന്റെ അഭയത്തിൽ പ്രവേശിച്ചവർക്ക് സാധിക്കാതെ വരുന്നു. അത്തരം ആളുകൾക്ക് വേണ്ടി ദു ആ ചെയ്യാതിരിക്കുവാൻ അല്ലാഹു ആണ് അവന്റെ ദാസന്മാരെ തടയുന്നത്. ഇത്തരം സന്ദർഭങ്ങളിൽ മഹാന്മാരായ പണ്ഡിതന്മാരുടെ (ഈ ലോകത്തിലെ) ഉയർന്ന കരങ്ങൾ ലക്ഷ്യം പൂർത്തിയാക്കാനാവാതെ വരുന്നു. അതുകൊണ്ട്, നിങ്ങളുടെ കോപം, നിങ്ങളുടെ വികാരം, നിങ്ങളെ കീഴടക്കിയാൽ, നിങ്ങൾക്ക് അല്ലാഹുവിന്റെ കൂട്ടുകാരനായി തീരാൻ കഴിയുകയില്ല. ആയതിനാൽ അല്ലാഹുവിന്റെ സുഹൃത്തായി തീരാൻ, നിങ്ങൾ ഒരിക്കലും പറഞ്ഞു പോകരുത്. എനിക്ക് ലഭിച്ച

എന്റെ അറിവാണ് എനിക്ക് ഇത്ര മഹത്തായ വ്യക്തിത്വം ലഭിക്കാൻ കാരണം. നിങ്ങൾ സ്വയം പുകഴ്ത്തുകയാണെങ്കിൽ, നിങ്ങളുടെ അറിവിനെ നിങ്ങൾ പുകഴ്ത്തുകയാണെങ്കിൽ, നിങ്ങളുടെ ഓർമ്മ ശക്തിയെ പുകഴ്ത്തി പറഞ്ഞാൽ, അല്ലെങ്കിൽ ജോലി സ്ഥലത്ത് നിങ്ങൾ വഹിക്കുന്ന വലിയ സ്ഥാനത്തെ പുകഴ്ത്തിയാൽ, നിങ്ങൾ സ്വയം പരുഷമായി പെരുമാറിയാൽ, പൊതുജനത്തോട് സ്വാർത്ഥമായി പെരുമാറിയാൽ, അപ്പോൾ തീർച്ചയായും ഇതൊരു ഗുരുതരമായ കാര്യം തന്നെയായിരിക്കും. മറ്റുള്ളവരെക്കാൾ നിങ്ങൾ വളരെ വലിയവനാണെന്ന് നിങ്ങൾ കരുതരുത്. മറിച്ച് ഭൂമിയിലെ ഏറ്റവും വിനയാന്വിതനായ മനുഷ്യരാണെന്ന് കരുതുക. അതേ തികച്ചും വിനയാന്വിതൻ ! ആരെങ്കിലും നിങ്ങളോട് അഭിവാദ്യം പറയുന്നതിന് മുമ്പ്, നിങ്ങൾ അഭിവാദ്യം ചെയ്യാൻ ശ്രമിക്കുക. മറ്റുള്ളവരുടെ മേൽ നിസ്സഹകരണം ഏർപ്പെടുത്തരുത്. അവർക്കെതിരിൽ പക വയ്ക്കരുത്. നിങ്ങൾ വിനയാന്വിതരായ ആളുകളായി തീരുക. വിനയാന്വിതരായ ആളുകൾക്ക് മാത്രമേ കാര്യങ്ങൾ മനസ്സിലാകൂ. അവർക്കുള്ളതെല്ലാം അതായത് അറിവ്, ബുദ്ധി തുടങ്ങിയവ അല്ലാഹുവിൽ നിന്ന് മാത്രമാണ് വരുന്നതെന്ന് ! എപ്പോഴും അവർ വിനയാന്വിതരായി, നിഷ്കളങ്കരായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. “ ഓ അല്ലാഹ് ! സത്യമായും പൂർണ്ണമായും നിന്റേതുമാത്രമായി തീരുവാൻ നീ ഞങ്ങളെ പ്രാപ്തമാക്കേണമെ” നിങ്ങൾ അല്ലാഹുവിന്റേതായി തീരുമ്പോൾ, ആ സമയം മുതൽ നിങ്ങൾ പ്രവാചകനായ മൂസ (അ) ചെയ്ത പ്രാർത്ഥന ചെയ്യുവാൻ തുടങ്ങുന്നു. **“ എന്റെ രക്ഷിതാവേ! തീർച്ചയായും നീ എനിക്ക് നൽകുന്ന ഏതൊരു നന്മയുടെയും ഏറ്റവും വലിയ ആവശ്യക്കാരനാണ് ഞാൻ”** (28:25)

നിങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കുക! നിശ്ചയമായും അല്ലാഹുവാണ് തീരുമാനിക്കുന്നത്. നിങ്ങളിൽ എന്ത് കഴിവ് എത്രത്തോളം അത് വളർത്തി എടുക്കണമെന്ന് ! ഇത് നിങ്ങൾ അല്ലാഹുവിന് വിടുക. തീർച്ചയായും അല്ലാഹു സംരക്ഷിക്കുന്ന ആ ചെടികൾ/ ആളുകൾ; ഈ പ്രത്യേക സംരക്ഷണത്തിന്റെ കാരണം സസൂക്ഷ്മം ആരാഞ്ഞാൽ അവനില്ലാതെ സാധിക്കില്ല; ഈ ചെടികൾക്ക്/ആളുകൾക്ക് അവയുടെ കഴിവിന്റെ പരമാവധിയിലെത്താൻ ! അല്ലാഹുവല്ലാതെ കഴിയുകയില്ല. നല്ല വാക്കുകളും, ബൗദ്ധികവാക്കുകളും, അറിവുകളും, ജനങ്ങളുടെ വായിൽ നിന്നും പുറത്തു വരികയില്ല, ദൈവത്തിനെതിരിൽ ചിന്തിക്കുകയും അവന്റെ കല്പനകളെ സ്വീകരിക്കാതിരിക്കുകയും ചെയ്താൽ! നല്ല ചെടികളായി തീരാൻ തയ്യാറില്ലെങ്കിൽ ! മറിച്ച്, ഇത്തരം ആളുകൾ ഉച്ചരിക്കുന്ന ഓരോ വാക്കും ക്രമസമാധാന ലംഘനം ഉണ്ടാക്കുന്ന ഉറവിടത്തിൽ നിന്നായിരിക്കും! ഇത്തരം ആളുകളുടെ ഭവനങ്ങളിലേക്ക് നോക്കിയാൽ, നിങ്ങൾക്ക് മനസ്സിലാകും കോപം അവരെ കീഴടക്കിയിരിക്കുന്നുവെന്ന് ! അവരുടെ പരിതസ്ഥിതിയിൽ തന്നെ സമാധാന ലംഘനങ്ങളുണ്ട്. അവരുടെ സമുദായത്തിലും സമാധാന ലംഘനങ്ങളുണ്ട്. മറ്റുള്ളവരുമായുള്ള അവരുടെ ബന്ധത്തിലും ഈ അസമാധാനം കാണാവുന്നതാണ്. അവർ എല്ലായിടത്തും ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നു. റൂഹുൽ ഖുദ്സിന്റെ സഹായത്തോടെ സംസാരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ റൂഹുൽ ഖുദ്സിൽ നിന്നാണ് യഥാർത്ഥ ജ്ഞാനം കരഗതമാകുന്നത്. അപ്പോൾ, നിങ്ങൾ നിങ്ങളുടെ വ്യക്തിപരമായതും നിങ്ങളിൽ നിന്നുള്ള ഇച്ഛകൾ, ആഗ്രഹങ്ങൾ, കോപം ഇവയൊക്കെ മാറ്റി വയ്ക്കുക. അപ്പോൾ മാത്രമേ നിങ്ങളുടെ വായിൽ നിന്നും അറിവ് പുറത്തു വരികയുള്ളൂ. ആ സമയം മുതൽ ഉന്നതങ്ങളിലും, നിങ്ങളെ ലോകത്തിനാവശ്യമുണ്ട് എന്ന് കരുതപ്പെടും.

ഞാൻ വളരെ ഗൗരവമായി പറയുകയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഒരാളും തന്റെ സഹോദരനെപ്പറ്റി മോശമായി സംസാരിക്കുകയോ, പരിഹസിക്കുകയോ ചെയ്യരുത്! തന്റെ സഹോദരനെതിരിൽ രോഗബാധിതമായ തമാശയും എഴുന്നള്ളിക്കരുത് ! ഒരുവൻ തന്റെ സഹോദരനെ തരം താഴ്ത്തി പറയുന്നത് വളരെ മോശമായ കാര്യമാണ്. അവനെ ബുദ്ധിമുട്ടിക്കുന്നതും തെറ്റാണ്. അവന്റെ കുറവുകൾ പരസ്യപ്പെടുത്തുന്നതും തെറ്റാണ്. ഇവയെല്ലാം അല്ലാഹുവിന്റെ മുമ്പിൽ വളരെ ഗൗരവമുള്ള കാര്യമാണ്! ഇതിന്റെ ദൈവീക പ്രത്യാഘ്യാതം വളരെ ഭയാനകമായിരിക്കും. ആയതിനാൽ ദയാപൂർവ്വം പെരുമാറുക, നിങ്ങളുടെ സഹോദരങ്ങളോട് നല്ല വാക്കുകൾ പറയുക. തീർച്ചയായും ഫലിതങ്ങൾ അനുവദനീയമാണ്. ഒരാൾക്ക് തന്നെപ്പറ്റി ബോധ്യമുണ്ടെങ്കിൽ താൻ തന്റെ വായ് തുറന്നാൽ വിഡ്ഢിത്തമെ പുലമ്പൂ എന്നുണ്ടെങ്കിൽ, അവൻ മിണ്ടാതിരി

ക്കുന്നതാണ് നല്ലത്. നിങ്ങൾ നിശ്ശബ്ദത പാലിക്കുക. എന്നാൽ നിങ്ങൾക്ക് വിഡ്ഢിത്തം പുലമ്പാതിരിക്കാം; ക്രമസമാധാന പ്രശ്നം സൃഷ്ടിക്കാതിരിക്കാം, തർക്കങ്ങൾ ഒഴിവാക്കാം, യുദ്ധങ്ങൾ ഇല്ലാതാക്കാം. അങ്ങനെ പലതും.

അങ്ങനെ, നർമ്മ ബോധം ഒരു വലിയ ഗുണമാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും നർമ്മ ബോധം വളർത്തിയെടുക്കുവാൻ ശ്രമിക്കേണ്ടതാണ്. ആ വഴി ചാലിലൂടെ നിങ്ങൾ തണലിൽ എത്തിച്ചേരും; അല്ലാഹുവിന്റെ അഭയത്തിൽ സമാധാനത്തിൽ ആയിരിക്കും, നിങ്ങൾ എത്തിച്ചേരുന്നത് അങ്ങനെ നിങ്ങൾ അല്ലാഹുവിന്റെ മിത്രങ്ങളായി തീരും! അങ്ങനെ അല്ലാഹുവിന്റെ മതത്തിന് സേവനം ചെയ്യുവാൻ സാധിക്കും; സംശുദ്ധവും നിഷ്കളങ്കവുമായ ഹൃദയത്തോടെ ! ഇൻശാ അല്ലാഹ്. ആമീൻ ! ഈ വിഷയം സംബന്ധമായ വെള്ളിയാഴ്ച ഖുത്തുബയ്ക്ക് വിരാമമിടുന്നു.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************